## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5680** **18.11.2019 ൽ മറുപടിയ്ക്ക്**

## ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയിലെ നിയമനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **പ്രൊഫ. കെ.യു.അരുണൻ** | | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** | |
| (എ) | പത്ത് വർഷം സർവ്വീസുള്ള അംഗൻവാടി വർക്കർമാരിൽ നിന്നും ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയിലേക്കുള്ള നിയമനത്തിന് എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | വനിത ശിശു വികസന വകുപ്പിലെ എസ്.എസ്.എൽ.സി.യും 10 വർഷം അങ്കണവാടി സേവന പരിചയവുമുള്ള അങ്കണവാടി വർക്കർമാരിൽ നിന്നും പി.എസ്.സി. വഴി നേരിട്ടുള്ള നിയമനം നടത്തുന്ന ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ കാറ്റഗറിയിൽ 64 ഒഴിവുകളാണ് നിലവിലുള്ളത്. ഡിഗ്രിയും 10 വർഷം അങ്കണവാടി സേവനപരിചയവുമുള്ള അങ്കണവാടി വർക്കർമാരിൽ നിന്നും പി.എസ്.സി. വഴി നേരിട്ടുള്ള നിയമനം നടത്തുന്ന ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ കാറ്റഗറിയിലെ ആകെയുള്ള 146 പേരെ നിയമിയ്ക്കുന്നതിന് 146 ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതും ആയതിൽ നിന്നും പി.എസ്.സി. 143 പേർക്ക് നിയമന ശുപാർശ നൽകുകയും 1 ഒഴിവ് എസ്.സി. വിഭാഗത്തിൽ ആളില്ലാത്തതിനാലും 1 ഒഴിവ് OX (Other Christians) വിഭാഗത്തിൽ ആളില്ലാത്തതിനാലും ഒഴിച്ചിട്ടുള്ളതും 1 ഒഴിവ് പി.എസ്.സി. താൽക്കാലികമായി നിയമന ശുപാർശ മാറ്റി വച്ചിട്ടുള്ളതും ആണ്. നിയമനം ലഭിച്ച 143 പേർ വകുപ്പിൽ ജോലിയിൽ പ്രവേശിച്ചതിൽ ഒരാൾ വകുപ്പ് മാറിയത് വഴി ഉണ്ടായ ഒഴിവ് ST വിഭാഗത്തിന് നേരിട്ടുള്ള നിയമനത്തിന് ശുപാർശ ചെയ്യാൻ മാറ്റിവച്ചിട്ടുള്ളതുമാണ്. നിലവിൽ ഈ കാറ്റഗറിയിൽ ഒഴിവുകളൊന്നും ഇല്ല. |
| (ബി) | പ്രസ്തുത തസ്തികകളിലേക്ക് നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | എസ്.എസ്.എൽ.സി.യും 10 വർഷം അങ്കണവാടി സേവന പരിചയവുമുള്ള അങ്കണവാടി വർക്കർമാരിൽ നിന്നും പി.എസ്.സി. വഴി നേരിട്ടുള്ള നിയമനം നടത്തുന്ന ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ കാറ്റഗറിയിലെ 19 ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശേഷിയ്ക്കുന്ന 45 ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.